# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

മൂല്യനിർണ്ണയ ക്യാമ്പ് - മുഖ്യ മൂല്യ കർത്താക്കൾ, ഉപമൂല്യ കർത്താക്കൾ, ക്യാമ്പ് ഓഫീസർമാർ ഇവർക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ച് - സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതിയുടെ ശിപാർശകൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാവിഭാഗം ഇ.എ.II സെക്ഷൻ**

നം.699/ഇ.എ.II/1/565/2017/പരീക്ഷ തിയതി, പ്രിയദർശിനി ഹിൽസ്, 24 നവംബർ, 2017

---

പരാമർശം: 21.11.2017 ലെ സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതിയുടെ യോഗ മിനിറ്റ്സിലെ ഇനം. നം. O.A 1, O.A 2

**ഉത്തരവ്**

മേൽ പരാമർശ പ്രകാരം 2017 നവംബർ മാസം 21-ാം തീയതി കൂടിയ സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതിയുടെ യോഗം:

1. ഉപമൂല്യ കർത്താക്കളുടെ ഏറ്റവും കുറഞ്ഞ പ്രതിഫലം ഓരോ ദിവസവും ₹500/- രൂപ (അഞ്ഞൂറു രൂപ മാത്രം) ക്രമത്തിൽ നിജപ്പെടുത്തുന്നതിനും
2. മുഖ്യമൂല്യ കർത്താക്കളുടെ ഏറ്റവും കുറഞ്ഞ പ്രതിഫലം ഓരോ ദിവസവും ₹600/- രൂപ (അറുനൂറു രൂപ മാത്രം) ക്രമത്തിൽ നിജപ്പെടുത്തുന്നതിനും
3. അടിയന്തിര സാഹചര്യങ്ങളിൽ ഉപ മൂല്യ കർത്താക്കൾ ഓരോ ദിവസവും മൂല്യനിർണ്ണയം നടത്തുന്ന നിശ്ചിത പരിധിക്കു മുകളിലുള്ള പേപ്പറുകളുടെ പ്രതിഫലം ഹോം വാല്യൂവേഷൻ സ്പെഷ്യൽ സ്കീമിൽ പേപ്പർ ഒന്നിന് ₹30/- (മുപ്പത് രൂപ മാത്രം) ക്രമത്തിൽ നിജപ്പെടുത്തുന്നതിനും
4. അടിയന്തിര സാഹചര്യങ്ങളിൽ മുഖ്യ മൂല്യ കർത്താക്കൾ ഓരോ ദിവസവും റീവാല്യുവേഷൻ/ റീചെക്ക് ചെയ്യുന്ന നിശ്ചിത പരിധിക്കു മുകളിലുള്ള പേപ്പറുകളുടെ പ്രതിഫലം ഹോം വാല്യൂവേഷൻ സ്പെഷ്യൽ സ്കീമിൽ പേപ്പർ ഒന്നിന് ₹6.50/- (ആറ് രൂപ അൻപത് പൈസ മാത്രം) ക്രമത്തിൽ നിജപ്പെടുത്തുന്നതിനും
5. മാർച്ച്/ഏപ്രിൽ മാസങ്ങളിൽ നടക്കുന്ന സെമസ്റ്റർ പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം ഒരു യൂണിറ്റായും ഒക്ടോബർ/നവംബർ മാസങ്ങളിൽ നടക്കുന്ന സെമസ്റ്റർ പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം ഒരു യൂണിറ്റായും കണക്കാക്കി കോമേഴ്സ് ആർട്സ് വിഷയങ്ങൾക്ക് 80 പേപ്പറിന്റെ റമ്യൂണറേഷൻ തുകയും സയൻസ് വിഷയങ്ങൾക്ക് 65 പേപ്പറിന്റെ റമ്യൂണറേഷൻ തുകയും കുറവ് ചെയ്യുന്നതിനും
6. 2017 നവംബർ/ഡിസംബർ മാസങ്ങളിൽ നടക്കുന്ന രണ്ട്, മൂന്ന്, അഞ്ച് സെമസ്റ്ററുകളുടെ മൂല്യനിർണ്ണയ ക്യാമ്പുകളെ ഒറ്റയൂണിറ്റായി കണക്കാക്കുന്നതിനും
7. സോണൽ ക്യാമ്പുകളിലെ ക്യാമ്പ് ഓഫീസർമാർക്ക് ക്യാമ്പ് അനുബന്ധ ചെലവുകൾക്കായി ₹10,000/- (പതിനായിരം രൂപ മാത്രം) മുൻകൂർ തുകയായി അനുവദിക്കുന്നതിനും
8. മാപ്പിംഗ്/മാർക്ക് എൻട്രി നടത്തുന്ന ക്യാമ്പിന്റെ ക്യാമ്പ് ഓഫീസർമാർക്ക്, ഏറ്റവും കൂടുതൽ പ്രതിഫലം മേടിക്കുന്ന അസിസ്റ്റന്റ് ക്യാമ്പ് ഓഫീസർക്ക് ലഭിക്കുന്നത് അല്ലെങ്കിൽ എത്ര ദിവസം ക്യാമ്പ് നടന്നിരുന്നു ഇതിൽ ഏതാണോ കുറവ് അത് പ്രതിഫലമായി നൽകുന്നതിനും ശിപാർശ ചെയ്തു.

1985 ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ടിലെ 3.10(17) വകുപ്പ് പ്രകാരം മേൽ ശിപാർശകൾ വൈസ്ചാൻസിലർ അംഗീകരിച്ചു.

..2

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ഷാജൻ മാത്യു**
അസിസ്റ്റന്റ് രജിസ്ട്രാർ XXI (പരീക്ഷാവിഭാഗം)
പരീക്ഷാ കൺട്രോളർക്ക് വേണ്ടി

പകർപ്പ്:

1. ഡോ. ആർ.പ്രഗാഷ്, കൺവീനർ, സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി
2. വൈസ് ചാൻസിലർ/പ്രൊ. വൈസ്ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. സി.ഇ.സെക്ഷൻ/എ.സി.സി സെക്ഷൻ
5. ജെ.ആർ.I / IV/ഡി.ആർ VIII/എ.ആർ V/XI/XVIII/XXI (പരീക്ഷാ വിഭാഗം)/ എ.ആർ II /ഡി.ആർ II (ധനകാര്യം)
6. എക്സാം ഓഡിറ്റ് I / II / III സെക്ഷനുകൾ
7. ഐ.ക്യൂ.എസി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ/ജെ.ഡി,കെ.എസ്.എ
8. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ